പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1869      01.11.2019-ലെ മറുപടിക്ക്

## പൊഴിയൂർ- നെടുമങ്ങാട്-കോട്ടയം ബസ് പുനഃസ്ഥാപിക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ. ആൻസലൻ | ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | നെയ്യാറ്റിൻകര കെ.എസ്.ആർ.ടി.സി.ഡിപ്പോയിൽ നിന്ന് രാവിലെ ഏഴ് മണിക്ക് പുറപ്പെട്ടിരുന്ന പൊഴിയൂർ- നെടുമങ്ങാട്-കോട്ടയം ബസ് ഇപ്പോൾ കൊട്ടാരക്കരയിൽ യാത്ര അവസാനിപ്പിക്കാൻ തീരുമാനിച്ചതിന്റെ കാരണം വ്യക്തമാക്കുമോ; | (എ) | തിരുവനന്തപുരം-കൊട്ടാരക്കര റൂട്ട് ചെയിൻ സർവ്വീസ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി പരിഷ്കരിക്കുകയാണ് ഉണ്ടായത്. |
| (ബി) | നിലവിൽ പൊഴിയൂർ-നെയ്യാറ്റിൻകര-നെടുമങ്ങാട്-കോട്ടയം റൂട്ടിൽ ഓടിയിരുന്ന ബസിന് ശരാശരി എത്രതുകയാണ് ടിക്കറ്റിനത്തിൽ ലഭിച്ചിരുന്നത് എന്ന് വിശദമാക്കാമോ; | (ബി) | ശരാശരി 18,000/- രൂപയാണ് ലഭിച്ചിരുന്നത്. |
| (സി) | പ്രസ്തുത ബസ് പുനഃസ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ? | (സി) | ഒരേ റൂട്ടിൽ ഒരേ സമയം ഒന്നിലധികം വാഹനങ്ങൾ പോകുന്നത് ഒഴിവാക്കി കൃത്യമായ ഇടവേളകളിൽ കൊട്ടാരക്കര നിന്നും കോട്ടയത്തേയ്ക്ക് ചെയിൻ സർവ്വീസ് ക്രമീകരിച്ചിരിക്കുക വഴി ഈ റൂട്ടിൽ യാത്രാക്ലേശം ഇല്ലാത്തതിനാൽ സർവ്വീസ് പുനഃസ്ഥാപിക്കേണ്ട സാഹചര്യമുണ്ടെന്ന് കരുതുന്നില്ല. |

സെക്ഷൻ ഓഫീസർ